## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7744 23-07-2012 -ൽ മറുപടിക്ക്.

### കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ്. റ്റി. ജോർജ് :<br>" എം. പി. വിൻസെന്റ് :<br>" കെ. അച്ചുതൻ :<br>" വി. റ്റി. ബൽറാം : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ വ്യവസായമെന്ന നിലയിൽ, കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുകയും, വ്യാജ കള്ളിന്റെ ഉത്പാദനവും വിതരണവും കർശനമായി തടയുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ നയം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുന്ന നയസമീപനങ്ങളും, നടപടികളുമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്ന മദ്യനയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ വ്യവസായമെന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിക്കുകയും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുകയും, കള്ള് ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വില്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതുമായ മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. |
| (സി) | ഓരോ കള്ളുഷാപ്പിലും നിശ്ചിത എണ്ണം തൊഴിലാളികളെ നിയമിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; | (സി) | ഇല്ല. എന്നാൽ, ഷാപ്പൊന്നിന് 50 തെങ്ങുകളും 5 തൊഴിലാളികളും, 20 ചൂണ്ടപനയ്ക്ക് രണ്ടു തൊഴിലാളികളും ഉണ്ടായിരിക്കണം എന്ന് വ്യക്തമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | കള്ള് ചെത്ത് തൊഴിലാളികളുടെ ജോലിസുരക്ഷ ഉറപ്പു വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്. കള്ള്ഷാപ്പ് മുൻപ് നടത്തിയിരുന്നവർക്ക് ഈ വർഷത്തിലെ വില്പനയിൽ മുൻഗണന നൽകുന്നതാണ്. ഷാപ്പ് വാങ്ങാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ, ഷാപ്പ് നടത്തിപ്പ്, ഗ്രൂപ്പിൽപ്പെടുന്ന അതാത് ഷാപ്പ് തൊഴിലാളി സമിതികളെ ഏൽപ്പിക്കാവുന്നതാണ്. തൊഴിലാളികൾ നടത്തുന്ന ഷാപ്പുകളെ KTWWFB Contribution, ഒരു മാസത്തെ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും തുല്യമായ തുക എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വില്പന നടക്കാത്ത കള്ളുഷാപ്പുകൾ 500 രൂപ റെന്റലിൽ, വ്യവസ്ഥകൾ ഉദാരമാക്കി, തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കാൻ തീരുമാനിച്ചതു കൂടാതെ വൃക്ഷക്കരം കൂടി ഒഴിവാക്കി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ